**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5408** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും മരണമടഞ്ഞ പ്രവാസികളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജോലിയ്ക്കായി മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പോയി കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ കൃത്യമായ കണക്ക് ഉണ്ടോ; അവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ? | (എ) | വിദേശ രാജ്യങ്ങളിൽ വെച്ച് കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശ കാര്യമന്ത്രാലയം എന്നിവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുവാൻ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കോവിഡ് മൂലം മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് പരമാവധി അൻപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നൽകുകയും, പ്രവാസി വ്യവസായി ഡോ. രവിപിള്ളയുടെ ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം കോവിഡ് മൂലം മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് 25000/- രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട് . |

സെക്ഷൻ ഓഫീസർ